


## East Syriac Christian spirituality

East Syriac Christian spirituality is a spiritual tradition with elements commonly shared by the Assyrian Church of the East, the Chaldean Catholic Church, and the Syro-Malabar Church. To study this tradition in depth, this series will address 1,000 questions, focusing on four major aspects of the topic. These four aspects are 1) the hagiographical and exegetical traditions of the East Syriac Fathers; 2) the spirituality that emanates from the East Syriac liturgical traditions; 3) the local traditions of the Mar Thomas Nasranis in India; and 4) the spiritual and theological insights underpinning the *Code of the Eastern Churches (CCEO)* and the Syro-Malabar Church's Particular Law. Each aspect will be covered in 250 questions. The first 250 questions will focus on the hagiographical and exegetical traditions of the East Syriac Fathers.

### Part I: The exegetical and hagiographical traditions of the East Syriac Fathers

1. Q: Where did the Syriac language originate as a local Aramaic dialect?

   A: Edessa

2. Q: What is the Aramaic (or Syriac) name of the ancient city of Edessa?

   A: Urhay

3. Q: Where is the ancient city of Edessa located currently?

   A: Modern Urfa in southeastern Turkey

4. Q: Into which two dialectal groups can Late Aramaic be divided?

   A: Western Aramaic and Eastern Aramaic

5. Q: What are the three main dialectal branches of Western Aramaic?

   A: Galilean Aramaic; Palestinian-Christian Aramaic; and Samaritan Aramaic.

6. Q: What are the three main dialectal branches of Eastern Aramaic?

   A: Syriac; the language of the Babylonian Talmud; and Mandaic.

7. Q: In which year was the Council of Ephesus, the third ecumenical council, held?

A: AD 431

8. Q: In which year was the Council of Chalcedon, the fourth ecumenical council, held?
   A: AD 451
9. Q: What was the central Christological teaching of the Council of Ephesus?
   A: Jesus was one person (hypostasis), and not two separate persons, yet possessing both a human and divine nature.
10. Q: What was the central Christological teaching of the Council of Chalcedon?
    A: The Council of Chalcedon rejected the notion of a single nature in Christ, and declared that he has two natures in one person and hypostasis.
11. Q: Who was considered the chief advocate of the Antiochene or dyophysite (two-nature) Christology in the fifth century?
    A: Mar Theodore of Mopsuestia
12. Q: As a result of the Christological controversies of the 5th century, into how many ecclesiastical bodies was Syriac-speaking Christianity divided?
    A: Three
13. Q: What are the three ecclesiastical bodies into which Syriac-speaking Christianity was divided as a result of the Christological controversies of the 5th century?
    A: 1) The Church of the East; 2) those who accepted the Christological formula of the Council of Chalcedon (451); and 3) the Syrian Orthodox.
14. Q: Where did the Church of the East predominantly exist in the fifth century?
    A: A: In the Persian Empire
15. Q: What was the title of the Head of the Church of the East in the fifth century?
    A: Catholicos or (Catholicos-Patriarch) of Seleucia-Ctesiphon
16. Q: What was the Christology followed by the Church of the East during the Christological controversies of the 5th century?
    A: Antiochene or dyophysite (two-nature) Christology
17. Q: Those Syriac-speaking ecclesiastical bodies that accepted the Christological formula of the Council of Chalcedon (451) emerged as two separate bodies in the 7th century: which are they?
    A: Melkites and Maronites
18. Q: Which Christology was followed by the Syriac Orthodox Church, which rejected the Council of Chalcedon?
    A: Alexandrine or miaphysite (one nature) Christology
19. Q: Based on whose teaching did the Alexandrine or miaphysite (one nature) Christology develop?
    A: Saint Cyril of Alexandria
20. Q: Which were the five most important centres for Syriac literature in the Roman Empire in the early centuries?
    A: Edessa; Nisibis (until AD 363); Serugh; Amid; Mabbug

## പൗരസ്ത്യ സുറിയാനി ക്രൈസ്തവ ആധ്യാത്മികത

അസ്സീറിയയിലെ കിഴക്കിന്റെ സഭ (അസ്സീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ്); കൽദായ കത്തോലിക്കാ സഭ; സീറോമലബാർ സഭ തുടങ്ങിയ മൂന്ന് സഭാ വിഭാഗങ്ങളുടെ പൊതു ആധ്യാത്മിക പൈതൃകമാണ് പൗരസ്ത്യ സുറിയാനി ക്രൈസ്തവ ആധ്യാത്മികത. ഈ ആധ്യാത്മിക പാരമ്പര്യത്തെ ആഴത്തിൽ മനസിലാക്കുന്നതിന്, ഇതിന്റെ നാല് പ്രധാനപ്പെട്ട മേഖലകളെ കേന്ദ്രീകരിച്ച് ആയിരം ചോദ്യങ്ങളും ഉത്തരങ്ങളും ക്രമീകരിക്കുന്നതിനാണ് ഈ ചോദ്യോത്തര പരമ്പര ചിട്ടപ്പെടുത്തുന്നത്. പൗരസ്ത്യ സുറിയാനി ക്രൈസ്തവ ആധ്യാത്മികതയുടെ നാല് പ്രധാനപ്പെട്ട മേഖലകൾ ഇവയാണ്: 1) പൗരസ്ത്യ സുറിയാനി സഭാപിതാക്കന്മാരുടെ ജീവചരിത്രാംശങ്ങൾ, അവരുടെ വിശുദ്ധ ഗ്രന്ഥവ്യാഖ്യാന പാരമ്പര്യം; 2) പൗരസ്ത്യ സുറിയാനി ആരാധനാക്രമത്തിൽ നിന്നും നിർഗമിക്കുന്ന ആധ്യാത്മികത; 3) ഭാരതത്തിലെ മാർത്തോമ്മാ നസ്രാണികളുടെ തനത് പാരമ്പര്യങ്ങൾ; 4) പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാനൻ നിയമ സംഹിത (CCEO), സീറോ മലബാർ സഭയ്ക്ക് വേണ്ടിയുള്ള പ്രത്യേക കാനൻ നിയമങ്ങൾ എന്നിവയിൽ അന്തർലീനമായിരിക്കുന്ന ആത്മീയവും ദൈവശാസ്ത്രപരവുമായ ഉൾക്കാഴ്ചകൾ. ഇത്തരത്തിലുള്ള ഓരോ മേഖലയ്ക്കുമായി 250 ചോദ്യങ്ങൾ വീതം മാറ്റിവച്ചിരുന്നു.

### ഭാഗം 1:

### പൗരസ്ത്യ സുറിയാനി സഭാപിതാക്കന്മാരുടെ ജീവചരിത്രാംശങ്ങളും അവരുടെ വിശുദ്ധ ഗ്രന്ഥവ്യാഖ്യാന പാരമ്പര്യവും

1. ചോ: സുറിയാനി ഭാഷ അറമായ ഭാഷയുടെ ഒരു പ്രാദേശിക ഭാഷാഭേദമായി ഉത്ഭവിച്ചത് എവിടെ നിന്നാണ് ?

ഉ: എദ്ദേസയിൽ നിന്ന്

2. ചോ: പുരാതന നഗരമായ എദ്ദേസയുടെ അറമായയിലുള്ള (സുറിയാനിയിലുള്ള) പേര് എന്താണ്?

ഉ: ഉർഹായ്

3. ചോ: എദ്ദേസ എന്ന പുരാതന നഗരം ഇപ്പോൾ എവിടെയാണ് സ്ഥിതി ചെയ്യുന്നത്?

ഉ: തെക്കുകിഴക്കൻ തുർക്കിയിലെ ആധുനിക ഉർഫായിൽ

4. ചോ: അറമായ ഭാഷയുടെ പ്രധാന ഭാഷാവകഭേദങ്ങൾ ഏതൊക്കെയാണ്?

ഉ: പാശ്ചാത്യ അറമായയും, പൗരസ്ത്യ അറമായയും

5. ചോ: പാശ്ചാത്യ അറമായ ഭാഷാഭേദത്തിന്റെ മൂന്ന് പ്രധാന ശാഖകൾ ഏതൊക്കെയാണ്?

ഉ: ഗലീലിയൻ അറമായ; പലസ്തീനിയൻ-ക്രിസ്ത്യൻ അറമായ; സമരിയൻ അറമായ

6. ചോ: പൗരസ്ത്യ അറമായ ഭാഷാഭേദത്തിന്റെ മൂന്ന് പ്രധാന ശാഖകൾ ഏതൊക്കെയാണ്?

ഉ: സുറിയാനി; ബാബിലോണിയൻ തൽമൂദിന്റെ ഭാഷ; മൻദായ്ക്ക്

7. ചോ: മൂന്നാമത്തെ സാർവത്രിക സൂനഹദോസായ എഫേസൂസ് സൂനഹദോസ് നടന്നത് ഏത് വർഷമാണ്?

ഉ: എ.ഡി 431-ൽ

8. ചോ: നാലാമത്തെ സാർവത്രിക സൂനഹദോസായ കാൽസിഡോൺ സൂനഹദോസ് നടന്നത് ഏത് വർഷമാണ്?

ഉ: എ.ഡി 451-ൽ

9. ചോ: എഫേസൂസ് സൂനഹദോസിൽ അടിവരയിടപ്പെട്ട മിശിഹാവിജ്ഞാനീയത്തെപ്പറ്റിയുള്ള പ്രധാനപ്പെട്ട പഠിപ്പിക്കൽ എന്തായിരുന്നു?

ഉ: ഈശോയിൽ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളില്ല (persons), മറിച്ച് അവിടുന്ന് ഒരു വ്യക്തിയാണ് (ഹൈപ്പോസ്റ്റാസിസ്); അവിടുന്നിൽ മനുഷ്യന്റേയും ദൈവത്തിന്റെയും സ്വഭാവങ്ങൾ ഉണ്ട്.

10. ചോ: കാൽസിഡോൺ സൂനഹദോസിൽ അടിവരയിടപ്പെട്ട മിശിഹാവിജ്ഞാനീയത്തെപ്പറ്റിയുള്ള പ്രധാനപ്പെട്ട പഠിപ്പിക്കൽ എന്തായിരുന്നു?

ഉ: മിശിഹായിലുള്ളത് ഏക സ്വഭാവം (single nature) ആണ് എന്ന ആശയം കാൽസിഡോൺ സൂനഹദോസ് നിരസിച്ചു. അതേസമയം, ഒരു വ്യക്തിയായ (ഹൈപ്പോസ്റ്റാസിസ് ആയ) മിശിഹായിൽ രണ്ട് സ്വഭാവങ്ങൾ (two natures) ഉണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

11. ചോ: അന്ത്യോക്യൻ അഥവാ ഡിയോഫിസൈറ്റ് (ദിസ്വഭാവ) മിശിഹാവിജ്ഞാനീയത്തിന്റെ അഞ്ചാം നൂറ്റാണ്ടിലെ മുഖ്യ വക്താവായി ആരെയാണ് പരിഗണിക്കുന്നത്?

ഉ: മോപ്സ്തുസ്ത്യായിലെ മാർ തിയഡോറിനെ

12. ചോ: അഞ്ചാം നൂറ്റാണ്ടിൽ മിശിഹാവിജ്ഞാനീയവുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദങ്ങളുടെ ഫലമായി, സുറിയാനി സംസാരിക്കുന്ന ക്രൈസ്തവസഭകൾ എത്ര വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു?

ഉ: മൂന്ന്

13. ചോ: അഞ്ചാം നൂറ്റാണ്ടിൽ മിശിഹാവിജ്ഞാനീയവുമായി ബന്ധപ്പെട്ട് ഉണ്ടായ വിവാദങ്ങളുടെ ഫലമായി, സുറിയാനി സംസാരിക്കുന്ന ക്രൈസ്തവസഭകൾ ഏതൊക്കെ മൂന്ന് വിഭാഗങ്ങളായാണ് വിഭജിക്കപ്പെട്ടത്?

ഉ: 1) കിഴക്കിന്റെ സഭ (ചർച്ച് ഓഫ് ദി ഈസ്റ്റ്); 2) കാൽസിഡോൺ സൂനഹദോസിന്റെ (451) മിശിഹാവിജ്ഞാനീയ നിർവചനത്തെ അംഗീകരിച്ചവർ; 3) സുറിയാനി ഓർത്തഡോക്സ് സഭ.

14. ചോ: അഞ്ചാം നൂറ്റാണ്ടിൽ കിഴക്കിന്റെ സഭ (ചർച്ച് ഓഫ് ദി ഈസ്റ്റ്) പ്രധാനമായും എവിടെയാണ് നിലനിന്നിരുന്നത്?

ഉ: പേർഷ്യൻ സാമ്രാജ്യത്തിൽ

15. ചോ: അഞ്ചാം നൂറ്റാണ്ടിലെ കിഴക്കിന്റെ സഭയുടെ (ചർച്ച് ഓഫ് ദി ഈസ്റ്റിന്റെ) തലവന്റെ സ്ഥാനപ്പേര് എന്തായിരുന്നു?

ഉ: സെലൂഷ്യ-സ്റ്റെസിഫോണിന്റെ കാതോലിക്കോസ് (കാതോലിക്കോസ്-പാത്രിയർക്കീസ്)

16. ചോ: അഞ്ചാം നൂറ്റാണ്ടിലെ മിശിഹാവിജ്ഞാനീയ വിവാദങ്ങളുടെ സമയത്ത് കിഴക്കിന്റെ സഭ (ചർച്ച് ഓഫ് ദി ഈസ്റ്റ്) ഏത് മിശിഹാവിജ്ഞാനീയമാണ് പിന്തുടർന്നത്?

ഉ: അന്ത്യോക്യൻ അഥവാ ഡിയോഫിസൈറ്റ് (ദിസ്വഭാവ) മിശിഹാവിജ്ഞാനീയം

17. ചോ: കാൽസിഡോൺ സൂനഹദോസിന്റെ (451) മിശിഹാവിജ്ഞാനീയ നിർവചനത്തെ അംഗീകരിച്ച സുറിയാനി സംസാരിക്കുന്ന സഭാ സമൂഹങ്ങൾ ഏഴാം നൂറ്റാണ്ടിൽ രണ്ട് വ്യത്യസ്ത സഭാ കൂട്ടായ്മകളായി ഉയർന്നുവന്നു; ആ സഭാകൂട്ടായ്മകൾ ഏതൊക്കെയാണ്?

ഉ: മെൽകൈറ്റുകളും മാറോണൈറ്റുകളും

18. ചോ: കാൽസിഡോൺ സൂനഹദോസിനെ നിരസിച്ച സുറിയാനി ഓർത്തഡോക്സ് സഭ ഏത് മിശിഹാവിജ്ഞാനീയമാണ് പിന്തുടരുന്നത്?

ഉ: അലക്സാൻഡ്രിയൻ  അഥവാ മിയാഫിസൈറ്റ് (ഏക സ്വഭാവ) മിശിഹാവിജ്ഞാനീയം

19. ചോ: ആരുടെ പഠിപ്പിക്കലുകളെ അടിസ്ഥാനമാക്കിയാണ് അലക്സാൻഡ്രിയൻ അഥവാ മിയാഫിസൈറ്റ് (ഏക സ്വഭാവ) മിശിഹാവിജ്ഞാനീയം വികസിച്ചു വന്നത്?

ഉ: അലക്സാണ്ട്രിയയിലെ വിശുദ്ധ സിറിലിന്റെ പഠിപ്പിക്കലുകളെ അടിസ്ഥാനമാക്കി

20. ചോ: ആദ്യ നൂറ്റാണ്ടുകളിൽ റോമൻ സാമ്രാജ്യത്തിലെ ഏതൊക്ക അഞ്ച് പ്രദേശങ്ങളാണ് സുറിയാനി സാഹിത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളായി അറിയപ്പെട്ടിരുന്നത്?

ഉ: എദ്ദേസ; നിസിബിസ് (എ.ഡി 363 വരെ); സേറൂഗ്, ആമിദ്, മാബൂഗ് തുടങ്ങിയ സ്ഥലങ്ങൾ